ലേഖനം നമ്പർ - 20

# വിശുദ്ധ കുർബ്ബാന - ലഘുവ്യാഖ്യാനം

## വീഞ്ഞു വാഴ്ത്തൽ :

അപ്രകാരം തന്നെ കാസായും എടുത്ത് സ്തോത്രം ചെയ്തു വാഴ്ത്തി ശുദ്ധീകരിച്ച് തന്റെ പരിശുദ്ധ ശ്ലീഹേന്മാർക്കു നൽകി അവരോട് ""ഇതു നിങ്ങളെല്ലാവരും വാങ്ങി പാനം ചെയ്‌വിൻ, ഇത് നിങ്ങൾക്കു വേണ്ടിയും അനേകർക്കു വേണ്ടിയും ചൊരിയപ്പെടുകയും പാപമോചനത്തിനും നിത്യജീവനുമായി നൽകപ്പെടുകയും ചെയ്യുന്ന എന്റെ രക്തമാകുന്നു" എന്ന് അരുളിച്ചെയ്തു.

യേശു പറഞ്ഞത് "ഞാൻ നിങ്ങൾക്കുവേണ്ടി" എന്നാണ്. ഞാനും എനിക്കുള്ളതും നിങ്ങൾക്കുവേണ്ടിയാണ്. നിങ്ങളുടെ പാപസ്വഭാവത്തെ മാറ്റിയെടുക്കുവാൻ വേണ്ടി. ക്രിസ്തു തന്നെ പരിപൂർണ്ണമായി നമുക്കായി നൽകപ്പെടുന്നു. അതുപോലെ നാമും സഹോദര വർഗ്ഗത്തിനായി പരിപൂർണ്ണമായി നൽകപ്പെടണം. "അനേകർക്കുവേണ്ടി" എന്ന പദം ഉപയോഗിച്ചിരിക്കുന്നത് വി. മത്തായിയും, വി. മർക്കോസുമാണ്. യേശുവിന്റെ രക്തം ചൊരിയലിൽ നിന്ന് പ്രയോജനം എടുക്കുവാൻ ആരെയും ഒഴിച്ചു നിർത്തിയിട്ടില്ല എന്നുസാരം. "ചൊരിയപ്പെടുക"എന്നത് പുരാതന യിസ്രായേലിലെ ആരാധനയിൽ നിന്ന് പ്രചോദനം കൊണ്ട പദമാണ്. ബലിയുടെ സമയത്ത് അറുക്കപ്പെട്ട മൃഗങ്ങളുടെ രക്തം ബലിപീഠത്തിലൊഴിക്കുക പതിവായിരുന്നു. ഇവിടെ ഈ വാക്ക് കാൽവറി ക്രൂശിലെ യേശുവിന്റെ രക്തം ചൊരിയലിനെയാണ് സൂചിപ്പിക്കുന്നത്.

പട്ടക്കാരൻ തിരുവചനങ്ങൾ ഉദ്ധരിച്ചുകൊണ്ട് വീഞ്ഞും ഒപ്പം വെള്ളവും ചേർത്തു കലർത്തിയ ജീവന്റെ പാനീയം വാഴ്ത്തി കൂദാശ ചെയ്യുന്നു. അപ്പോൾ അത് കർത്താവിന്റെ സാക്ഷാൽ രക്തമായി തീരുന്നു. എന്റെ ശരീരം ഭക്ഷിക്കുകയും, എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ടായിരിക്കും. (യോഹ. 6:54)

അപ്പം വാഴ്ത്തുകയും, വീഞ്ഞ് വാഴ്ത്തുകയും ചെയ്യുന്ന പ്രാർത്ഥനകളുടെ അവസാനം ജനം പ്രതിവാക്യമായി "ആമീൻ" എന്നു ചൊല്ലുന്നു. അപ്പോൾ പട്ടക്കാരൻ "ഈ രഹസ്യത്തിൽ നിങ്ങൾ സംബന്ധിക്കുമ്പോൾ ഇത് അനുഷ്ഠിച്ചുകൊണ്ട് ഞാൻ വരുന്നതുവരെ എന്റെ മരണത്തെയും പുനരുദ്ധാനത്തെയും സ്മരിച്ചുകൊൾവിൻ എന്നു താൻ കൽപ്പിച്ചു" എന്ന പ്രാർത്ഥനയുടെ അവസാനം ഗ്മുർത്തോയും (കുഷ്യൻ) തർവോദയും (സ്പൂൺ) സ്ഥാനം മാറ്റുന്നു. വിരിക്കൂട്ടിന്റെ ഇടതു വശത്തിരിക്കുന്ന ഗ്മുർത്തോമേൽ കൈ തുടച്ചിട്ട് കുഷ്യനും സ്പൂണും മുത്തി രണ്ടും കൂടി വിരിക്കൂട്ടിന്റെ വലതുവശത്ത് വയ്ക്കുന്നു. ശോശപ്പാ ആഘോഷിച്ചതിനു ശേഷം വലത്തു വശത്ത് വെച്ചിരിക്കുന്നതായ കൗക്ബോ ഇടതു വശത്തേക്ക് മാറ്റി വയ്ക്കുകയും ചെയ്യുന്നു. കർത്താവിന്റെ രണ്ടാം വരവ് മിന്നൽപോലെ സംഭവിക്കുന്നതിന്റെ സൂചനയായി ഇത് വ്യാഖ്യാനിക്കപ്പെടുന്നു. തുടർന്ന് കർത്താവിന്റെ കല്പനയനുസരിച്ച്, സഭ തന്റെ മരണത്തെയും മൂന്നാം ദിവസമുള്ള പുനരുദ്ധാനത്തേയും, സ്വർഗ്ഗാരോഹണത്തേയും, രണ്ടാമത്തെ വരവിനേയും ഓർക്കുന്നു. തുടർന്ന് "ലാബൂക്ക് കാദൊമ്റോ" എന്ന പ്രാർത്ഥന ചൊല്ലി പട്ടക്കാരൻ തന്റെ കൈകളെ മുഴുവനായും ഉയരത്തിലേക്ക് ഉയർത്തിക്കൊണ്ട് "കർത്താവേ ബലഹീനരും പാപികളുമായ നിന്റെ ദാസരായ ഞങ്ങൾ നിനക്ക് നന്ദി പറഞ്ഞുകൊണ്ട് സകലത്തെക്കുറിച്ചും സകലത്തിനുവേണ്ടിയുമുള്ള നിന്റെ ദയവിനെ സ്തോത്രം ചെയ്യുന്നു" എന്നു പ്രാർത്ഥിക്കുന്നു.

തുടർന്ന് പരിശുദ്ധാത്മാവിനെ ആഹ്വാനം ചെയ്തുകൊണ്ട് കൈകൾ ആഘോഷിക്കുന്നു. "പിതാവായ ദൈവമെ ഞങ്ങളോടു കരുണ ചെയ്യേണമെ, സിംഹാസനത്തിലും രാജത്വത്തിലും അനാദ്യന്തമായ സാരാംശത്തിലും നിന്നോട് ഒന്നായിരിക്കുന്നവനും, പഴയനിയമവും പുതിയ നിയമവും വഴിയായി സംസാരിച്ചവനും യോർദ്ദാൻ നദിയിൽ വച്ച് പ്രാവിന്റെ രൂപത്തിൽ കർത്താവേശുമിശിഹായുടെ മേലും മാളികയിൽ വച്ച് അഗ്നിനാവുകളുടെ രൂപത്തിൽ ശ്ലീഹന്മാരുടെ മേലും ഇറങ്ങിയവനുമായ നിന്റെ പരിശുദ്ധ റൂഹായെ ഈ കുർബ്ബാനമേൽ നീ അയച്ചുതരേണമെ"

ശുശ്രൂഷക്കാരൻ "എന്റെ വാത്സല്യ............" ഇവിടെ ഏലീയാവ് തന്റെ ബലി സ്വീകരിക്കുവാൻ പ്രാർത്ഥിച്ചതുപോലെ (1 രാജാ. 18:36,37) പുരോഹിതനും ഉച്ചത്തിൽ "കർത്താവേ എന്നോടുത്തരമരുളണമേ...... ദയതോന്നി എന്നോടു കരുണ ചെയ്യേണമെ" എന്നു പ്രാർത്ഥിക്കുന്നു. ജനം അതിനുത്തരമായി "കുറിയേലായിസ്സോൻ" എന്ന് മൂന്നു പ്രാവശ്യം, കഴിയുന്നതും ഉച്ചത്തിൽ ചൊല്ലണം.

സുപ്രധാന റൂഹാക്ഷണ പ്രാർത്ഥന പിന്നാലെ വരുന്നതിനാൽ ഈ സമയത്ത് പട്ടക്കാരൻ ധൂപക്കുറ്റിയിൽ കുന്തിരിക്കം ഇടുന്നു. ഇപ്പോൾ മാത്രമേ ശുശ്രൂഷകൻ ത്രോണോസു മുത്താതെ ധൂപം അർപ്പിക്കുന്നുള്ളു. കാരണം കഷ്ടാനുഭവ ആഴ്ചയിൽ കൈമുത്തും, സമാധാനം നൽകലും ഇല്ലാത്തതിനെ അനുസ്മരിക്കുന്നു.

തുടർന്ന് പട്ടക്കാരൻ പിലാസമേൽ കൈ ആഘോഷിച്ചുകൊണ്ട് അപ്പത്തെ കർത്താവിന്റെ തിരു ശരീരമാക്കി തീർക്കുവാൻ പ്രാർത്ഥിക്കുന്നു. ജനങ്ങൾ ആമീൻ പറയുമ്പോൾ പട്ടക്കാരൻ കാസമേൽ കൈ ആഘോഷിക്കുന്നു. പ.റൂഹാ വീഞ്ഞിനെ കർത്താവിന്റെ തിരുരക്തമാക്കി തീർക്കുവാൻ പ്രാർത്ഥിക്കുന്നു. ഇതോടുകൂടി അപ്പവീഞ്ഞുകൾ നമ്മുടെ കർത്താവിന്റെ തിരുശരീരരക്തങ്ങളായി തീരുന്നു.

അതിനുശേഷം അപ്പവീഞ്ഞ് എന്ന പേരുപയോഗിച്ചാൽ പരിശുദ്ധാത്മാവിനോടുള്ള പാപവും അതിനുള്ള ശിക്ഷയുമായിരിക്കും ഫലം.

*(തുടരും...)* ■

*അഭി. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെ മേൽനോട്ടത്തിൽ ഫാ. പി. ഐ. വർഗ്ഗീസ്, ഫാ. കെ. വൈ. ചാക്കോ, ഫാ. ജിജു വർഗ്ഗീസ് എന്നിവർ തയ്യാറാക്കിയത്.*

Editorial Board: P.T. John, K.K. George (94470 40484), Mammen Abraham & Suma Mathew. Design&Lay-out : dittografix, printed at Geo print shop, Ernakulam
***Website: www.stmarysorthodoxcathedralekm.org Email: georgekaithayil@yahoo.com For Private Circulation only***
**Edited & Published by:** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490**







PARISH News
MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM
VOL : 8 ● ISSUE : 12 DECEMBER 2014

## എഡിറ്റോറിയൽ

### ദൈവത്തെ പൂർണ്ണമായി അനുസരിക്കുക

ഒരിക്കൽ ഒരു ദൈവദാസൻ ഊമർക്കും ചെകിടർക്കും വേണ്ടിയുള്ള ഒരു സ്കൂൾ സന്ദർശിക്കുകയായിരുന്നു. അവിടെയുള്ള ബോർഡിന്മേൽ അദ്ദേഹം ഇങ്ങനെയെഴുതി. എന്തുകൊണ്ടാണ് ദൈവം നിങ്ങളെ സംസാരിപ്പാനും ചെവി കേൾക്കാനും പാടില്ലാത്തവരായും എന്നെ അതിനെല്ലാം കഴിയുന്നവനായും സൃഷ്ടിച്ചത്? ഇതിന് മറുപടിയായി അവിടെയുള്ള ഒരു ബാലൻ അതിന്റെ താഴെയായി എഴുതിയത് ഇപ്രകാരമായിരുന്നു. "അതെ പിതാവേ, ഇങ്ങനെയല്ലോ നിനക്ക് പ്രസാദം തോന്നിയത് (മത്താ 11.26)." ആ ബാലൻ ദൈവത്തിന് പൂർണ്ണമായി വഴങ്ങുകയായിരുന്നു. ദൈവത്തിന് അവനെക്കൊണ്ട് എന്തെങ്കിലും പ്രത്യേക ഉദ്ദേശമുണ്ടെന്ന് അവൻ വിശ്വസിച്ചു. യേശുക്രിസ്തു സൗഖ്യമാക്കിയ കുരുടൻ എന്തുകൊണ്ട് കുരുടനായി പിറന്നു എന്ന് ആളുകൾ ചോദിച്ചപ്പോൾ യേശുക്രിസ്തു നൽകിയ ഉത്തരം ഇവിടെ പ്രസക്തമാണ്. "ഇവനിൽക്കൂടി ദൈവമഹത്വം കാണപ്പെടേണ്ടതിനാലാണ്."

അത്യാഹിതങ്ങൾ നേരിടുമ്പോൾ പകച്ചുപോകാത്തവർ കാണുകയില്ല. ഇതു സംഭവിക്കാൻ കാരണക്കാരനായ ദൈവത്തിൽ ഞാൻ എന്തിന് വിശ്വസിക്കണം എന്നുവരെ ചിന്തിച്ചുപോകുന്നവർ ഉണ്ട്. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ദൈവഹിതത്തിന് പൂർണ്ണമായി വഴങ്ങി, ദൈവത്തിന്റെ പ്ലാനിൽപ്പെട്ടതാണ് ഇവയെന്നും, അന്തിമമായി ദൈവം എല്ലാം നന്മക്കായി ചെയ്യുന്നു എന്നും "ദൈവത്തിന്റെ വഴി തികവുള്ളത്" (സങ്കീ 18.30) എന്നും വിശ്വസിച്ച് ദൈവാനുഗ്രഹത്തിനുവേണ്ടിയുള്ള പ്രാർത്ഥന തുടരുക. ചിലർ ദൈവം വരുത്തുന്ന എന്ത് അത്യാഹിതങ്ങളേയും സഹിക്കുവാൻ തയ്യാറാണെന്നു പറയും. അതായത് പ്രകൃതിക്ഷോഭം മൂലമുള്ളത്, രോഗങ്ങൾ മൂലമുണ്ടാകുന്നത് എന്നിവയൊക്കെ. അതേസമയം അവരുടെ സഹജീവികളിൽ നിന്നുള്ള ചെറിയ ഉപദ്രവങ്ങൾ പോലും അവർക്ക് സഹിക്കാൻ പറ്റുകയില്ലെന്ന് പറയാറുണ്ട്. ദൈവം നേരിട്ടയക്കുന്നതും മററുള്ളവരിൽക്കൂടി നമുക്കുണ്ടാകുന്ന ഉപദ്രവങ്ങളും വേറിട്ടുകാണരുത്. ദൈവമറിയാതെ ഒന്നും സംഭവിക്കുകയില്ല എന്നുള്ള വിശ്വാസം ഉണ്ടായിരിക്കണം. സാത്താൻ ഇയ്യോബിന്റെ സമ്പൽസമൃദ്ധിയെല്ലാം നശിപ്പിച്ചെങ്കിലും ഇയ്യോബ് പറഞ്ഞത് "കർത്താവ് എടുത്തു" എന്നാണ്. യേശുക്രിസ്തുവിനെ ഒറ്റിക്കൊടുത്ത യൂദാ അതിനായി യേശുവിനെ സമീപിച്ചപ്പോൾ യേശു ശിഷ്യന്മാരോട് ചോദിച്ചത് "തന്റെ പിതാവ് തന്ന പാനപാത്രം താൻ കുടിക്കേണ്ടായോ എന്നാണ്."

ദൈവനിശ്ചയപ്രകാരമാണ് കാര്യങ്ങളെല്ലാം സംഭവിക്കുന്നത്. പലതിന്റെയും കാരണങ്ങൾ നമുക്ക് അവ്യക്തമായിരിക്കും. കാരണങ്ങൾ കണ്ടുപിടിക്കാൻ ഗവേഷണം നടത്തി സമയം കളയാതെ ദൈവത്തിന്റെ ഉദ്ദേശങ്ങൾക്ക് വഴങ്ങി ദൈവത്തെ പൂർണ്ണമായി അനുസരിച്ച് മുന്നേറാൻ ശ്രമിക്കുകയാണ് ഒരു വിശ്വാസിയുടെ കടമ. അങ്ങിനെയെങ്കിൽ പൗലോസ് അപ്പോസ്തോലൻ പറഞ്ഞതുപോലെ ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്ക്തന്നെ, സകലവും നന്മക്കായികൂടി വ്യാപരിക്കുന്നു (റോമൻ 8:23) എന്നു നമുക്കും അനുഭവപ്പെടും. ■

## ഇടയ ലേഖനം

### ഇരുളിൽ സൂര്യോദയം

(ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത)



ഇരുളിൽ നടക്കാൻ ശ്രമിക്കുന്നത് അപകടകരമാണ്. അപ്പോൾ "ഇരുളിൽ" ജീവിക്കുന്നവരോ? വെളിച്ചത്തിന്റെ മഹോത്സവമായ കർത്താവിന്റെ ജനനപ്പെരുന്നാൾ കേവലം ഒരു ആഘോഷമല്ല. മനുഷ്യമനസ്സിനേയും മനഃസാക്ഷിയേയും ചൂഴ്ന്നുനില്ക്കുന്ന ഇരുളിൻപാളികളെ തള്ളി അകറ്റാനുള്ള ശ്രമമാണ്. കേവലം ആഘോഷമായാൽ ഇരുളിന്റെ ആധിക്യം വർദ്ധിക്കുകയേയുള്ളു. നോമ്പും ഉപവാസവും അകമ്പടിയായി, വിനയാന്വിതവും അനുതാപനിർഭരവുമായ ഹൃദയത്തോടെ മാത്രമേ ക്രിസ്തുമസ്സിന് നമ്മിൽ അർത്ഥമുണ്ടാകൂ. നാം ക്രിസ്തുമസ്സിനെ വരവേൽക്കുകയല്ല, തിരുജനനമെന്ന അവാച്യമായ സംഭവം നമ്മിൽ തെളിവുള്ള അനുഭൂതിയായി ജനിക്കുകയാണ്. ആദ്യ ക്രിസ്തുമസ്സിൽ ഇന്നു നടക്കുന്ന വർണ്ണ-ഗാന-മധുര ആഘോഷങ്ങളുടെ ഒരു തരിമ്പുപോലും കാണുന്നില്ല. അവിടെ സ്വർഗ്ഗം ഭൂമിയോടു സംസാരിക്കുകയും ശാന്തമായി ഭുമിയെ സ്പർശിക്കുകയും ചെയ്യുന്നു. ഈ അഭൗമവും അപ്രമേയവുമായ സ്പർശനം രൂപാന്തരം വരുത്തുന്നതാണ്. കമ്പോളക്കണ്ണുകളുള്ള ആഘോഷങ്ങളുടെ ആകർഷണീയത ക്ഷണികവും പരിക്ഷേല്പിക്കുന്നതുമായിരിക്കും.

ഇരുളിലുദിച്ച വെളിച്ചം എന്നാണ് ക്രിസ്തുവിനെ പൗരസ്ത്യവേദപിതാക്കന്മാർ വർണ്ണിച്ചിരിക്കുന്നത്. പരപ്രേരണ കൂടാതെ നിർവ്വചിക്കപ്പെട്ട ഈ മഹാരഹസ്യത്തിന്റെ ഉദയം ദൈവഹൃദയത്തിൽ പ്രപഞ്ചസൃഷ്ടിക്കുമുമ്പുതന്നെ ഉണ്ടായിരുന്നു. ആ മനുഷ്യവീഴ്ചയെത്തുടർന്ന് പൊടുന്നനെ കണ്ടുപിടിച്ച രക്ഷാമാർഗ്ഗമായിരുന്നില്ല തിരുവവതാരം. രക്ഷാപ്രവൃത്തികൾ ഒരു തുടർപ്രവാഹമാണ്. അത് ഇന്നും എന്നും തുടർന്നുകൊണ്ടിരിക്കുന്നു. മനുഷ്യർ ഇരുളിന്റെ പ്രവൃത്തികളിൽ മുഴുകുമ്പോൾ, സ്നേഹം മാത്രമറിയുന്ന ദൈവഹൃദയം വീണ്ടും മുറിവേൽക്കുന്നു. എങ്കിലും അവിടുന്ന് തുടർന്നും സൃഷ്ടികളെ സ്നേഹിക്കുന്നു. ബേത്‌ലഹേമിൽ നിസ്സഹായതയിൽ കാണപ്പെടുന്ന തിരുക്കുടുംബം, ദൈവസ്നേഹത്തിന്റെ അനന്തമായ ഉദയത്തെ വെളിപ്പെടുത്തുന്നു. ദാരിദ്ര്യവും,അവഗണനയും, നിസ്സാരതയും ആവരണമായി കാണപ്പെടുന്നത് ഉജ്ജ്വലപ്രകാശത്തെ പൊതിയുന്ന മേഘപാളികളാണ്. ഈ പ്രപഞ്ചത്തിലെ സമസ്തനിസ്വതകളും ആവാഹിച്ചെടുത്തതുപോലെ.

ഈ ക്രിസ്തുമസ്സുനാളിൽ മനുഷ്യപരിത്രാണത്തിന് ഇറങ്ങിവന്ന മനുഷ്യപുത്രനെ ശ്രദ്ധിക്കാം. ഹീനാവസ്ഥയിൽ കഴിയുന്നവർക്ക് ജീവൻകൊടുക്കുന്ന പ്രക്രിയയുടെ തുടക്കമാണ് തിരുജനനം. അങ്ങനെ നാമെല്ലാം "മനുഷ്യപുത്രന്മാ"രാണെന്നു തിരിച്ചറിയുന്നു. അന്ധമായ അനുകരണത്തിലൂടെ മദിച്ചുപുളകുന്നത് ക്രിസ്തുമസ്സും പുതുവത്സരപ്പിറവിയുമാണെന്ന് ധരിച്ചുവശാകുന്നത് ഒരിക്കലും ദൈവീകമല്ല, ധാർമ്മികവുമല്ല. നമ്മിലും സമഃസൃഷ്ടങ്ങളിലുമുള്ള അന്ധകാരാംശങ്ങളെ കുറേശ്ശ അകറ്റുമ്പോഴെ ക്രിസ്തുമസ്സ് എന്താണെന്ന് ഏകദേശം മനസ്സിലാവുകയുള്ളൂ. നമ്മുടെ സമൂഹത്തിൽ പല കാരണങ്ങളാൽ അന്ധകാരം വർദ്ധിക്കുകയാണ്. അതിനാൽ മനുഷ്യന് മനുഷ്യരെ തിരിച്ചറിയാനാവുന്നില്ല. ത്യാഗം കുറ്റിയറ്റുപോകുന്നതിനാൽ യഥാർത്ഥസ്നേഹം അപ്രത്യക്ഷമായതുപോലെ. മുനിഞ്ഞുകത്തുന്ന ക്രിസ്തുമസ്സ് ദീപങ്ങൾ പറയുന്ന കഥ ത്യാഗത്തിന്റേതാണ്. വെളിച്ചം സൃഷ്ടിച്ചു നിലനിർത്താൻ ശ്രമിക്കുന്നതിന്റെ വേദന!

ത്യാഗത്തിന്റെ രശ്മികളാലും പുഷ്പങ്ങളാലും
ഈ ക്രിസ്തുമസ്സ് ആഘോഷിക്കാം. ■

## വികാരിയുടെ കത്ത്

# ഉണ്ണിയേശു നഷ്ടപ്പെടാതിരിക്കാൻ



**ഫാ. പി. ഐ. വർഗ്ഗീസ്**

ദൈവകാരുണ്യം മഞ്ഞുതുള്ളികൾപോലെ പെയ്തിറങ്ങിയ രാത്രിയാണ് ക്രിസ്തുമസ്സ് രാത്രി. പ്രപഞ്ചത്തിന്റെ ഉടമയായ ദൈവം തമ്പുരാന്റെ മനഃസാക്ഷി മനുഷ്യസ്നേഹം മൂലം ജഡധാരണം ചെയ്ത പുണ്യരാത്രി. സ്വർഗ്ഗത്തിലെ ദൈവം കുരുടനല്ല, ചെകിടനല്ല, മൂകനല്ല എന്ന് മനുഷ്യരാശി തിരിച്ചറിഞ്ഞ സുന്ദരരാത്രി. അതെ, ദൈവം മനുഷ്യനായി അവതരിച്ച ആ ധന്യരാത്രിയാണ് ആനന്ദം അലതല്ലുന്ന, ആഹ്ലാദം അരങ്ങുതകർക്കുന്ന, സമാധാനവും ശാന്തിയും നിറഞ്ഞൊഴുകുന്ന ക്രിസ്തുമസ്സ് രാത്രി.

മനുഷ്യജീവിതം ക്രിസ്തുവിനെ നായകനാക്കി ആഘോഷിക്കപ്പെടുവാനുള്ളതാണ്. കാരണം, ക്രിസ്തുവുള്ള ആഘോഷം ജീവന്റെ സമൃദ്ധിയുടെ ആഘോഷമാണ്. വീട്ടിൽ മനോഹരമായ പുൽക്കൂടൊരുക്കി ഉണ്ണിയേശുവിനെ അതിന്റെ മധ്യത്തിൽ കിടത്തി തിരുജനനം ആഘോഷിക്കുവാൻ അദ്ധ്വാനിക്കുന്ന ഒരു കുട്ടിയുടെ കഥ ഇങ്ങനെ തുടരുന്നു. ഉണ്ണിയേശുവിനെ ആരോ മോഷ്ടിക്കുന്നു. വീണ്ടും വേറൊരു ഉണ്ണിയേശുവിനെ തൽസ്ഥാനത്ത് വയ്ക്കുന്നു. തുടർന്നും ഉണ്ണിയേശു അപഹരിക്കപ്പെടുന്നു. അസ്വസ്ഥനായ ഈ കുട്ടി കാരണവും പരിഹാരവും തേടി വികാരിയച്ചനെ സമീപിക്കുന്നു. അച്ചൻ ഉണ്ണിയേശുവിന്റെ ഒരു രൂപം നൽകിയ ശേഷം പറഞ്ഞു. നീ ഇത് പുൽക്കൂട്ടിൽ വച്ചശേഷം കാവലിരിക്കണം. അന്നുമുതൽ ആ കൊച്ചുകുഞ്ഞ് ഉണ്ണിയേശുവിന് കാവലിരുന്നു. യേശുവിന് കാവലിരിക്കുക എന്ന അതിശ്രേഷ്ഠമായ സാരോപദേശം ഈ കഥയിൽ നാം വായിച്ചെടുക്കുന്നു.

മനുഷ്യൻ ഉണ്ണിയേശുവിന് കാവലിരുന്നെങ്കിൽ ഒരുപക്ഷേ അവൻ ക്രൂശിക്കപ്പെടുകയില്ലായിരുന്നു.അവനെ ആരും മനുഷ്യരിൽനിന്ന് മോഷ്ടിച്ചുകൊണ്ട് പോകുകയില്ലായിരുന്നു. കൺപോളകൾക്ക് ഉറക്കം അനുവദിക്കാതെ ഉണർവ്വോടെ കാത്തിരിക്കണം. ആധുനികമനുഷ്യൻ താൻ കുന്നുകൂട്ടിയ സമ്പത്തിന് വേണ്ടി ഉറക്കമിളച്ച് കാവലിരിക്കുന്നു. കുൽസിതമാർഗ്ഗങ്ങളിലൂടെ താൻ കൈക്കലാക്കിയ അധികാരം കൈവിട്ടുപോകാതിരിപ്പാൻ പോലും രാത്രി പകലാക്കി കാത്തിരിക്കുന്നു. കഷ്ടപ്പാടുകളുണ്ടെങ്കിലും അത്ഭുതകരമായി ദൈവം നടത്തുന്നവർ സന്തുഷ്ടമായ നല്ല നാളേയ്ക്കുവേണ്ടി കാത്തിരിക്കുന്നു. എന്നാൽ നിത്യരക്ഷ നൽകുന്ന ഉണ്ണിയേശുവിനെ ഹൃദയത്തിൽനിന്നും അപഹരിച്ചു കൊണ്ടുപോകാതിരിക്കാൻ നമ്മിൽ എത്രപേർ കാവലിരിക്കുന്നു? നമ്മോടൊപ്പം എന്നും ക്രിസ്തുസാന്നിദ്ധ്യം ഉണ്ടായിരിപ്പാൻ നമുക്ക് ജാഗ്രതയോടെ കാവലിരിക്കാം.

ക്രിസ്തുമസ്സ് ക്രിസ്തുവുള്ള ആഘോഷമായിരിക്കണം. എന്നാൽ നാം ആഘോഷിക്കുന്ന ക്രിസ്തുമസ്സിൽ ക്രിസ്തു ഉണ്ടോ? വെറും പൊള്ളയായ അർത്ഥശൂന്യമായ ആഘോഷങ്ങളും ആർഭാടങ്ങളും കൊണ്ട് നിറയുന്ന ക്രിസ്തുമസ്സിൽ എങ്ങനെയാണ് യേശു ഉണ്ടാവുക? അതുകൊണ്ട് ക്രിസ്തുവിനെ ക്രിസ്തുമസ്സിലേക്ക് കൊണ്ടുവരാം. ഒരിയ്ക്കൽ വർണ്ണവിവേചനമുള്ള ഒരു യൂറോപ്യൻ ദേവാലയത്തിൽ നടന്ന ക്രിസ്തുമസ്സ് ആഘോഷത്തിൽ, പുൽക്കൂട്ടിലെ ഉണ്ണിയേശുവിനെ ചുംബിക്കുവാൻ കടന്നുവന്ന നീഗ്രോ ബാലനെ അധികാരികൾ പിടിച്ചുപുറത്താക്കി. കുട്ടി അതീവ ദുഃഖത്തോടെ വിതുമ്പിക്കരഞ്ഞപ്പോൾ ഉണ്ണിയേശു പ്രത്യക്ഷപ്പെട്ട് പറഞ്ഞു. "കരയാതെ കുഞ്ഞേ, അവർ നിന്നെ പുറത്താക്കും മുമ്പ് എന്നെ പുറത്താക്കിയിരിക്കുന്നു. നിനക്ക് കൂട്ടായി ഞാനുണ്ട്. ധൈര്യമായിരിക്കുക."

യേശുവിനെ തിരികെക്കൊണ്ടുവരണമെങ്കിൽ ഖലിൽ ജീബ്രാന്റെ വാക്കുകൾ ജീവിതത്തിൽ പകർത്തേണ്ടിയിരിക്കുന്നു. "യേശുവിനെ ഇങ്ങോട്ട് അയച്ചത് തണുത്ത് നികൃഷ്ടങ്ങളായ കുടിലുകൾക്കിടയിൽ ഉജ്ജ്വലമായ പള്ളികളും, ആരാധനാലയങ്ങളും നിർമ്മിക്കുവാൻ ജനങ്ങളെ പഠിപ്പിക്കുവാനല്ല. പകരം, മനുഷ്യഹൃദയത്തെ ദേവാലയമാക്കുവാനാണ്. ആത്മാവിനെ യാഗപീഠമാക്കുവാനാണ്. മനസ്സിനെ പുരോഹിതനാക്കുവാനാണ്." അതെ, ഹൃദയത്തെ ദേവാലയമാക്കി, ആത്മാവിനെ ബലിപീഠമാക്കി, മനസ്സിനെ പുരോഹിതനാക്കി നഷ്ടപ്പെട്ട യേശുവിനെ തിരികെക്കൊണ്ടുവരാം. ■

## കുടുംബ വിശേഷങ്ങൾ

### മാമോദീസ

എറണാകുളം SRM Road, ചീരൻ വീട്ടിൽ Sri. Win.C. Thambi-യുടെയും Smt. Reshma-യുടെയും മകൻ **Gayos** 1-11-2014ൽ മാമോദീസാ സ്വീകരിച്ചു.

വൈറ്റില പാനിക്കൽ Sri.Rahul George Mathew-ന്റെയും Smt. Asha Rahul George-ന്റെയും മകൻ **Mathew George Mathew** 30-11-2014-ൽ മാമോദീസാ സ്വീകരിച്ചു.

*ഈ പൈതങ്ങൾക്ക് ദൈവകൃപ ആശംസിക്കുന്നു*

### വിവാഹം



പച്ചാളം പുലിക്കോട്ടിൽ Sri.P.T.Mathai-യുടെയും Sri.Tabeetha-യുടെയും മകൾ **LEAH** -യും പോത്തിരികോട്, പൂവനോലിക്കൽ ശ്രീ. തമ്പികുഞ്ഞിന്റെയും ശ്രീമതി കുഞ്ഞുമേരിയുടെയും മകൻ **JITHU**-വും തമ്മിലുള്ള വിവാഹം മേലത്തൂർ സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വെച്ച് 20-11-2014 ൽ നടന്നു.

*വധൂവരന്മാർക്ക് മംഗളാശംസകൾ!*

## വിശേഷ ദിവസങ്ങൾ

**ഡിസംബർ**

| | |
|---|---|
| 8 തിങ്കൾ | പ.ബസ്സേലിയോസ് ഔഗേൻ, പ്രഥമൻ ബാവയുടെ ഓർമ്മ (ദേവലോകം) |
| 14 ഞായർ | യൗസേഫിനുണ്ടായ വെളിപാടിന്റെ ഞായറാഴ്ച. |
| 17 ബുധൻ | പ. ബസ്സേലിയോസ് ഗീവർഗ്ഗീസ് പ്രഥമൻ ബാവായുടെ ഓർമ്മ (വള്ളിക്കാട്ട് ദയറാ) |
| 21 ഞായർ | വി. മാർതോമ്മാശ്ലീഹായുടെ രക്തസാക്ഷി മരണം |
| 25 വ്യാഴം | യൽദോ, (ജനന പെരുന്നാൾ) |
| 26 വെള്ളി | വി. ദൈവമാതാവിന്റെ പുകഴ്ച്ചപ്പെരുന്നാൾ, യാക്കോബ് മാർ പോളികാർപ്പോസ് തിരുമേനിയുടെ ഓർമ്മ (കൊരട്ടി) |
| 27 ശനി | ശിശുവധപ്പെരുന്നാൾ |

**ജനുവരി**

| | |
|---|---|
| 1 ബുധൻ | പുതുവത്സരം, കർത്താവിന്റെ ചേലാകർമ്മം |
| 3 വെള്ളി | പ. ബസ്സേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ ബാവായുടെ ഓർമ്മ (ദേവലോകം) |





## മർത്തമറിയം വനിതാ സമാജം







*കൊച്ചി മെത്രാസന മർത്തമറിയം വനിതാസമാജത്തിന്റെ തെക്കൻമേഖലാസമ്മേളനം 2014 നവംബർ 29-ാം തീയതി ശനിയാഴ്ച എറണാകുളം സെന്റ് മേരീസ് കത്തീഡ്രലിൽ വെച്ച് കൊച്ചി മെത്രാസനാധിപൻ അഭി: യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തയുടെ മഹനീയ അദ്ധ്യക്ഷതയിൽ നടന്നു. ശ്രീമതി പ്രിയ ജേക്കബ് "അവർ ഒന്നാകുന്നു" എന്ന വിഷയത്തെപ്പറ്റി വിജ്ഞാനപ്രദമായ ഒരു ക്ലാസ്സ് എടുത്തു. വിവിധ ഇടവകകളിലെ ബഹു: വൈദികരും ഇരുനൂറിൽപരം മർത്തമറിയം സമാജാംഗങ്ങളും പങ്കെടുത്ത സമ്മേളനം വളരെ അനുഗ്രഹപ്രദമായിരുന്നു.*

## സംയുക്ത പ്രാർത്ഥനായോഗം





നമ്മുടെ ഇടവകയുടെ പ്രാർത്ഥനായോഗങ്ങളുടെ സംയുക്ത സമ്മേളനം നവംബർ 30-ന് (ഞായർ) കത്തീഡ്രലിൽ നടന്നു. ശ്രീ. ജോസ് മഴുവഞ്ചേരി മുഖ്യസന്ദേശം നൽകി.

## SUNDAY SCHOOL NEWS


Mayusha Sara Cheriyan


Nakshathra Benny


Rinta Roy


Cyril Philip Chacko

*NAKSHATHRA BENNY, RINTA ROY, MAYUSHA SARA CHERIYAN, GROUP SONG - JUNIOR - ZONAL LEVEL SECOND PRIZE*
*DEEPAM SUNDAY SCHOOL*

*CYRIL PHILIP CHACKO* "**തങ്കവാക്യം**" *SECOND PRIZE*
*CATHEDRAL SUNDAY SCHOOL*

*പാരിഷ് ന്യൂസിന്റെ അഭിനന്ദനങ്ങൾ*

## പ്രാർത്ഥനായോഗം

| | |
|---|---|
| St. George Unit (Kaloor Area)<br>07/12/2014 - 4 pm | Mr. Petson Peter C.<br>Chemmanoor House, Puthenpurackal Rd.<br>Palarivattom, Kochi - 682 025<br>Ph: 2346078, 9846187320 |
| St. Mary's Unit (Central Area)<br>14/12/2014 - 4 pm | Mr. Bachara Mathew<br>Padiparakkal Hosue, Manikkoth Road,<br>Cochin - 16 Ph:2356809, 9447116809 |
| St. Thomas Unit (North Area)<br>28/12/2014 - 4 pm | Mr. C.C. Appunjan<br>Cheruvathur House,<br>Achen Veetil Line, S.R.M. Road,<br>Pachalam. Ph: 2402031, M: 9847544155 |

### വി. കുർബ്ബാനസമയം

| | |
|---|---|
| എളംകുളം ചാപ്പൽ: | Dec. 07 - 7.00 a.m., Dec. 14 - 10.30 a.m., Dec. 21 - 7.00 a.m., Dec. 28 - 10.30 a.m., 2015 Jan. 04 - 7.00 a.m. |
| സെമിത്തേരിമുക്ക്: ചാപ്പൽ | Dec. 14 - 7.30 a.m., Dec. 28 - 7.30 a.m.<br>എല്ലാ ശനിയാഴ്ചയും കുർബ്ബാന 6.45 a.m. |

## നിര്യാതരായി



വടുതല തോലത്ത് **Sri.T.V. Zacharia** (62) 03-11-2014-ൽ നിര്യാതനായി. 04-11-2014ൽ ചിറ്റൂർ റോഡ് സെമിത്തേരിയിൽ അടക്കം ചെയ്തു.



കലൂർ സൗത്ത് കിഴക്കേക്കര വീട്ടിൽ **Sri. K.K. ജോസഫ്** (62) 15-11-2014-ൽ നിര്യാതനായി. 16-11-2014-ൽ എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു.



ചിറ്റൂർ ചാപ്പൽ മദ്ബഹായിൽ ശുശ്രൂകനായി പങ്കെടുത്തിരുന്ന **ശ്രീ കെ.സി. മോഹൻ** (49) കോലാടി ഹൗസ്, തത്താഴം റോഡ്, വടുതല, 30-11-2014 ഞായറാഴ്ച 11.30-ന് നിര്യാതനായി. സംസ്കാരം 01-12-2014 തിങ്കളാഴ്ച ആർത്താററ് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ നടത്തി.

*ആദരാഞ്ജലികൾ*


